64 (620) കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) തോട്ടണ്ടിയുടെ ദൗർലഭ്യമാണ് ഈ വ്യവസായം നേരിടുന്ന മുഖ്യപ്രശ്നം. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി ലഭ്യമാകുന്ന തരിശുഭൂമിയിൽ കശുമാവു കൃഷി ചെയ്യുന്ന ഒരു പദ്ധതി കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനേയും കാപ്പക്സിനെയും പുനർജീവിപ്പിക്കുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ ഈ സർക്കാർ നൽകുന്നുണ്ട്. അതിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷന് ഇതുവരെ 133 കോടിയോളം രൂപയുടെയും (ഇതിൽ നാല് കോടി രൂപ കോർപ്പറേഷൻ ഏറ്റെടുത്ത ഫാക്ടറികളിലെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന്) കാപ്പെക്സിന് 23 കോടിയോളം രൂപയുടെയും സാമ്പത്തിക സഹായം നൽകി. ഇതിന്റെയൊക്കെ ഫലമായി പരമാവധി തോട്ടണ്ടി ആഭ്യന്തര വിപണിയിലൂടെയും ഇറക്കുമതിയിലൂടെയും സംഭരിച്ച് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉല്പാദനശേഷിയുള്ള കശുമാവ് വച്ചുപിടിപ്പിക്കുന്നതിനും കേന്ദ്രസഹായത്തോടെ കൃഷി വകുപ്പും നടപടി സ്വീകരിക്കുന്നുണ്ട്.

65 (621) കശുവണ്ടി തൊഴിലാളി ക്ഷേമം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും, സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവയുടെ കീഴിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(സി) അവർക്ക് 1996 മുതൽ ഓരോ വർഷവും എത്ര ദിവസം വീതം ജോലി ലഭിക്കുകയുണ്ടായിട്ടുണ്ട്;

(ഡി) ഇതേ കാലയളവിൽ ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തു നിന്നും എത്ര തോട്ടണ്ടി സംഭരിച്ചു. എത്ര ഇറക്കുമതി ചെയ്തു. എന്നറിയിക്കുമോ;

(ഇ) ഈ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തന പുരോഗതിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കെ. എസ്.സി.ഡി.സി., കാപ്പക്സ് ഇവയിലെ കശുവണ്ടി തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly